(ഇ)&(എഫ്) ഉണ്ട്. പീച്ചിയിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ജി) ഉണ്ട്.

(എച്ച്) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ)&(കെ) ഓരോ തീർത്ഥാടക കാലത്തിന്റെയും മുമ്പായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അത് നിരീക്ഷിക്കുകയും ചെയ്യുന്നു.

പ്രൈമറി എൻവയോൺമെന്റ് കെയർ സ്കീം

83(1906) ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി എൻവയോൺമെന്റ് കെയർ സ്കീം നടപ്പാക്കുന്നതിനുവേണ്ടി ലോകബാങ്ക് വനം വകുപ്പിന് എന്തെല്ലാം സഹായം നൽകുന്നുണ്ട്;

(ബി) എന്തു തുകയ്ക്കുള്ള സഹായമാണ് ഈ ഇനത്തിൽ നൽകുന്നത്;

(സി) ഇതിൽ എന്തുതുക തിരിച്ചടയ്ക്കേണ്ടുതുണ്ട്;

(ഡി) ഈ തുക തിരിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) വനം വകുപ്പ് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി കേരളാ ഫോറസ്ട്രി പ്രോജക്ട് എന്ന സമഗ്രവനവികസന പദ്ധതി 1998-99 മുതൽ നടപ്പാക്കിവരികയാണ്. ഈ പദ്ധതിയിൽ പ്രൈമറി എൺവയോൺമെന്റ് കെയർ എന്ന സ്കീം ഒരു ഘടകമാണ്. അതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മൂന്നു സ്ഥലങ്ങളിൽ വീതം ബന്ധപ്പെട്ട റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് ശിൽപ്പശാലകൾ, സെമിനാറുകൾ, പിശീലനം എന്നിവ നടത്തി പരിസ്ഥിതി പരിപാലനത്തിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനും പ്രസ്തുത മൈക്രോ പ്ലാനുകൾ നടപ്പാക്കുന്നതിനുമാണ് ലോകബാങ്ക് സഹായം നൽകുന്നത്.

(ബി) ലോകബാങ്കിന്റെ കേരള ഫോറസ്ട്രി പദ്ധതിയിൽ നാലുവർഷത്തേയ്ക്ക് 27.1 ലക്ഷം രൂപ ഈ ഇനത്തിനുവേണ്ടി വകകൊള്ളിച്ചിട്ടുണ്ട്.

(സി) കേരളാ ഫോറസ്ട്രി പ്രോജക്ടിനു നൽകുന്ന സഹായം ഭാരത സർക്കാരാണ് ലോകബാങ്കിന് തിരിച്ചടയ്ക്കുന്നത്. പ്രൈമറി എൺവയോൺമെന്റ് കെയർ സ്കീമിന് ചെലവാകുന്ന തുകയുൾപ്പെടെ മൊത്തം പദ്ധതി ചെലവിന്റെ ഉദ്ദേശം 83 ശതമാനം തീരിച്ചടക്കേണ്ടതായുണ്ട്.

(ഡി) ലോകബാങ്ക് കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി അനുവദിക്കുന്നതിനും സംസ്ഥാന സർക്കാരിന് നേരിട്ട് നൽകുകയല്ല ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ലോകബാങ്ക് ഭാരത സർക്കാരിന് തുക നൽകുകയും ഭാരത സർക്കാർ സംസ്ഥാന സർക്കാരിന് പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് അഡീഷണൽ കേന്ദ്രസഹായമായി ഭാരത സർക്കാരും കേരള സർക്കാരും തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് കേരള സർക്കാരിന് നൽകുന്നത്.

ലോകബാങ്കിൽനിന്നും കേരള ഫോറസ്ട്രി പ്രോജക്ടിനു ലഭിക്കുന്ന സഹായം കരാറനുസരിച്ച് ഭാരത സർക്കാർ 2008 മുതൽ 2033 വരെ അർദ്ധ വാർഷിക ഗഡുക്കളായാണ് തിരിച്ചടയ്ക്കേണ്ടത്. ലോകബാങ്ക് ഇതിന് മുക്കാൽ ശതമാനം സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതാണ്. പ്രൈമറി എൻവയോൺമെന്റ് സ്കീം കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ ഇതിനും ബാധകമാണ്.

വനം വകുപ്പിൽ റേഞ്ചർ തസ്തികയിലേയ്ക്ക് നിയമനം

84 (1907)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റേഞ്ചർമാരായി ഏതൊക്കെ വിഭാഗങ്ങളിൽ നിയമനം നടക്കുന്നുവെന്നും ഓരോ വിഭാഗത്തിലും നിലവിൽ എത്ര റേഞ്ചർമാരുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) നേരിട്ട് നിയമിക്കുന്ന റെയിഞ്ചർമാരുടെ യോഗ്യതകൾ എന്തൊക്കെയാണ്;

(സി) റേഞ്ചർ തസ്തികയിലേക്ക് 1998 ഡിസംബറിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി;

(ഡി) വനം വകുപ്പിൽ റേഞ്ചർമാരുടെ 'കേഡർ സ്ട്രെങ്ത്' എത്രയെന്നും ഇതിൽ നേരിട്ടുള്ള നിയമനത്തിന് മാറ്റിവച്ചിരിക്കുന്നത് എത്ര ശതമാനമെന്നും അവ എത്ര സീറ്റുകൾ വരുമെന്നും വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം എത്ര ഒഴിവുകൾ നിലവിൽവന്നു; അവയിൽ എത്രയെണ്ണം നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തു;

(എഫ്) പി.ആന്റ്.എ.ആർ.ഡി.യുടെ 87/92/പി.ആന്റ് എ.ആർ.ഡി. തീയതി 5.12.92 വനം വകുപ്പിന്റെ 60/93/വനം തീയതി 11.8.93 എന്നീ ഉത്തരവുകൾ അനുസരിച്ചാണോ ഡിസംബർ മാസത്തിനുശേഷമുണ്ടായ ഒഴിവുകൾ നികത്തിയത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ജി) നേരിട്ട് നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ ഡെപ്യൂട്ടി റെയിഞ്ചർമാർക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എച്ച്) ഫോറസ്റ്റേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ/ഫോറസ്റ്റർ കാറ്റഗറീസ് റെയിഞ്ചർമാരുടെ കേഡർ സ്ട്രെങ്തിന്റെ എത്ര ശതമാനമാണ് അർഹതയുള്ളത്;

(ഐ) ഇപ്പോൾ എത്ര റെയിഞ്ചർമാരാണ് ഈ കാറ്റഗറിയിൽ വകുപ്പിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly